**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ കുടിവെള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ രണ്ടാംഘട്ട വിഹിതം നൽകാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ജൽ ജീവൻ പദ്ധതിയിൽ രണ്ടാംഘട്ട പ്രവർത്തികളെ കുറിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ല. ഒന്നാം ഘട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ 44714 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 11,131.39 കോടി രൂപ പദ്ധതികൾക്കുവേണ്ടി ചിലവഴിച്ചു. ഇതിൽ സംസ്ഥാന വിഹിതമായി 5,533.29 കോടി രൂപ ലഭിച്ചു. 2024-25 വർഷത്തിൽ ആദ്യ ഗഡുവിന്റെ തത്തുല്യമായ സംസ്ഥാന വിഹിതമായി 951.93 കോടി രൂപ നൽകിയിട്ടുണ്ട്. രണ്ടാമത്തെ ഗഡുവിന്റെ കേന്ദ്രവിഹിതത്തിനായിട്ടുള്ള അപേക്ഷയും ഉപയോഗ സർട്ടിഫിക്കറ്റും സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കരാറുകാർക്ക് കോടികളുടെ കുടിശിക ഉണ്ടെന്നുള്ളത് വസ്തുതയാണോ; വിശദമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ നടപ്പിലാക്കിയ വകയിൽ 4371.32 കോടി (31.01.2025 വരെ) രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നല്കാനുണ്ട്. |
| (സി) | കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തികൊണ്ടിരിക്കുന്ന സംസ്ഥാനത്തെ മൊത്തം കരാറുകാർക്ക് എത്ര രൂപയാണ് ജൽജീവനിൽ നിന്ന് കുടിശിക ഇനത്തിൽ ലഭിക്കാനുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (സി) | ജൽ ജീവൻ പദ്ധതികളിലെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് കേരള വാട്ടർ അതോറിറ്റിയിലെ ഡിവിഷൻ ഓഫീസുകളെ ആസ്പദമാക്കിയാണ്. ആയതിനാൽ നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ഡിവിഷൻതല വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | സീനിയോറിറ്റി മറികടന്ന് വൻകിടക്കാർക്ക് അവിഹിതമായി പണം നൽകുന്നുവെന്ന ആരോപണം സാധൂകരിക്കുന്ന തെളിവുകൾ ഉണ്ടൊയെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകളും കോടതിവിധി പ്രകാരവും ജൽ ജീവൻ മിഷൻ പദ്ധതിയിൻ കീഴിൽ ലഭിക്കുന്ന ഫണ്ടുകൾ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് വിതരണം ചെയ്യുന്നത്. എന്നാൽ "പ്രത്യേക സഹായം" എന്ന ഇനത്തിൽ ലഭിക്കുന്ന കേന്ദ്രഫണ്ടുകൾ ആ പദ്ധതി |

| | | | |
|---|---|---|---|
| | | | ഉത്തരവ് മാനദണ്ഡങ്ങൾ പ്രകാരമാണ് കൊടുക്കുന്നത്. |
| (ഇ) | ഏത് വർഷമാണ് ജൽജീവൻ പദ്ധതി ആരംഭിച്ചതെന്നും ഏത് വർഷം പൂർത്തിയാക്കാനാണ് ആദ്യ നിർദ്ദേശം എന്നും ഇപ്പോൾ മാറ്റം വന്നിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ഇ) | ജലജീവൻ മിഷൻ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിലാണ് ദേശിയതലത്തിൽ ആരംഭിച്ചത്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് അഞ്ച് വർഷ കാലാവധിയാണ് പദ്ധതി പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്. നിലവിൽ കേന്ദ്ര സർക്കാർ 2028 വരെ പദ്ധതി നീട്ടിയിട്ടുണ്ട്. |
| (എഫ്) | ആദ്യഘട്ടത്തിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്ര രൂപയാണ് ലഭ്യമാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (എഫ്) | ജൽ ജീവൻ മിഷന്റെ കീഴിൽ സംസ്ഥാനത്ത് 44714 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. ഇതിൽ 11,131.39 കോടി രൂപ പദ്ധതികൾക്കുവേണ്ടി ചിലവഴിച്ചു. ഇതിൽ സംസ്ഥാന വിഹിതമായി 5,533.29കോടി രൂപ നൽകി. 2024-25സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡു ആയിട്ട് കേന്ദ്ര സർക്കാരിൽ നിന്നും 974.67കോടി രൂപയും സംസ്ഥാന സർക്കാരിൽ നിന്നും 951.93 കോടി രൂപയും നൽകിയിട്ടുണ്ട്. |
| (ജി) | രണ്ടാംഘട്ടത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാർ പണം മുടക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; സംസ്ഥാനത്തിന് പണം മുടക്കാൻ കഴിയാത്തത് പദ്ധതിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ? | (ജി) | കേന്ദ്ര സർക്കാർ ജൽ ജീവൻ പദ്ധതി 2028 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഡിവിഷൻ | തുക |
|---|---:|
| HEADWORKS DIVISION, ARUVIKKARA | 21,10,26,227.00 |
| JNNURM PROJECT DIVISION, KOCHI | 52,05,44,612.00 |
| Kerala Rural Water Supply and Sanitation Agency (KRWSA) | 44,17,21,180.00 |
| KERALA WATER AUTHORITY PD NATTIKA | 2,64,87,29,127.00 |
| KWA PH DIVISON, MUVATTUPUZHA | 20,53,06,085.00 |
| KWA PROJECT DIVISION, ADOOR | 1,41,78,81,003.00 |
| KWA PROJECT DIVISION, THIRUVANANTHAPURAM | 1,32,95,25,219.00 |
| KWA- QC DIVISION,KOCHI,NETTOOR | 1,20,20,819.00 |
| KWA-KIIFB-PIU- ALAPPUZHA | 26,28,10,258.00 |
| KWA-PH DIVISION IRINJALAKUDA | 86,57,08,779.00 |
| KWA-PH DIVISION- KOTTARAKKARA | 39,51,54,377.88 |
| KWA-PH DIVISION, KOZHIKKODE | 66,38,21,124.00 |
| KWA-PH DIVISION-PALAKKAD | 7,95,06,900.00 |
| KWA-PH DIVISION-SULTHAN BATHERY | 61,07,10,879.00 |
| KWA-PH DIVISION-THODUPUZHA | 10,81,81,732.00 |
| KWA-PH DIVISON-ALAPPUZHA | 3,39,18,909.00 |
| KWA-PH DIVISON-KADUTHURUTHY | 35,08,72,633.00 |
| KWA-PROJECT,DIVISION, KATTAPPANA | 2,20,47,08,284.00 |
| KWA-PROJECT DIVISION, KOLLAM | 1,15,01,94,398.00 |
| KWA-PROJECT DIVISION, KOZHIKKODE | 4,61,32,95,776.00 |
| KWA-PROJECT DIVISION-MATTANNUR | 1,15,65,44,243.00 |
| KWA-QUALITY CONTROL DIVISION, THIRUVANANTHAPURAM | 5,32,69,682.00 |
| KWA-WATER SUPPLY DIVISION, ATTINGAL | 5,37,55,880.00 |
| KWA-WATER SUPPLY DIVISION-NEYYATTINKARA | 77,83,78,404.00 |
| KWA-WATER SUPPLY PROJECT DIVISION, PALAKKAD | 2,49,26,07,230.00 |
| Meenachil Malankara Project Division | 84,88,60,662.00 |
| PH DIVISION , SHORNUR | 21,10,58,356.00 |
| PH DIVISION KASARGOD | 69,99,92,987.00 |
| PH DIVISION KOTTAYAM | 29,25,28,539.00 |
| PH DIVISION THRISSUR | 63,32,43,064.00 |
| PH DIVISION, ALUVA | 8,92,98,031.00 |
| PH DIVISION, KOCHI | 1,13,39,809.00 |
| PH DIVISION, KOLLAM | 21,13,29,312.00 |
| PH DIVISION, MALAPPURAM | 1,31,09,36,332.00 |

| | |
|---|---|
| PH DIVISION, PATHANAMTHITTA | 45,94,01,804.00 |
| PH DIVISION, THIRUVALLA | 1,31,49,92,077.00 |
| PH DIVISION, VADAKARA | 1,43,38,40,294.00 |
| PROJECT DIVISION CHITTOOR | 97,52,21,917.00 |
| Project Division Kanhangad | 79,63,61,398.00 |
| Project Division Painavu | 4,75,80,612.00 |
| Project Division Painavu | 5,45,99,195.00 |
| PROJECT DIVISION, KOTTAYAM | 61,76,39,741.00 |
| PROJECT DIVISION, MALAPPURAM | 4,59,11,03,863.00 |
| PROJECT DIVISION, PERUMBAVOOR | 1,64,32,63,547.00 |
| PROJECT DIVISION,KANNUR | 1,75,46,30,336.00 |
| PUBLIC HEALTH DIVISION OFFICE, EDAPPAL | 1,00,03,62,756.00 |
| UIDSSMT, PROJECT DIVISION, ALAPPUZHA | 93,41,75,984.00 |
| WATER SUPPLY DIVISION, KANNUR | 50,56,40,284.00 |
| WATER SUPPLY DIVISON, TALIPARAMBA | 61,04,30,910.00 |
| WS DIVISION KOCHI | 52,18,290.00 |
| **മൊത്തം തുക** | **43,71,32,43,860.88** |